<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 314</u> <u>07-10-2024 - ൽ മറുപടിയ്ക്ക്</u>

<u>ലഹരി മാഫിയ ഇല്ലായ്മ ചെയ്യുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടികൾക്കിടയിൽ പിടിമുറുക്കുന്ന ലഹരിമാഫിയയെ ഇല്ലായ്മ ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ? | (എ) | കുട്ടികൾക്കിടയിൽ പിടിമുറുക്കുന്ന ലഹരി മാഫിയയെ ഇല്ലായ്മ ചെയ്യുന്നതിന് വേണ്ടി എക്സൈസ് വകുപ്പ് മറ്റ് സർക്കാർ വകുപ്പുകളുമായി ചേർന്ന് സ്കൂൾ, കോളേജ് പരിസരങ്ങളിൽ പരിശോധന നടത്തി നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ ജില്ലകളിലും എക്സൈസ് ഉദ്യോഗസ്ഥർ വിദ്യാലയങ്ങൾ സന്ദർശിച്ച് പരിശോധന നടത്തി നിയമവിരുദ്ധ പ്രവർത്തനങ്ങൾ ഉണ്ടാകുന്നില്ലയെന്ന് ഉറപ്പ് വരുത്തുന്നു. സ്കൂൾ പരിസരത്തെ കടകളിൽ പരിശോധന നടത്തുകയും, ലഹരി പദാർത്ഥങ്ങൾ വില്പന നടത്തുന്നതായി കണ്ടെത്തുന്ന കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു.<br><br>പുകയില, മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി കൗൺസിലിംഗ്, ഡി-അഡിക്ഷൻ ചികിത്സ എന്നിവ നൽകി വരുന്നു. എക്സൈസ് ഉദ്യോഗസ്ഥർ സ്കൂളുകൾ സന്ദർശിച്ച് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഹരി ഉപയോഗവും ലഹരി വിൽപനയും തടയുന്നതിനായി ബന്ധപ്പെടേണ്ട നമ്പറുകളായ 9656178000, 9447178000, 906178000 എന്നിവ നൽകുകയും, സ്കൂളിന് സമീപത്ത് കാണുന്ന പരിചയമില്ലാത്തതും സംശയമുള്ളതുമായ വ്യക്തികളെപ്പറ്റി എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനു നിർദേശം നൽകുകയും ചെയ്തുവരുന്നു.<br><br>ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിലായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകളുടെ നേതൃത്വത്തിൽ, വിദ്യാർത്ഥികൾക്ക് വിവിധ വകുപ്പുകളുടെയും, എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, |

| | | | |
|---|---|---|---|
| | | | സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് എന്നിവയുടെ സഹകരണത്തോടെ വിവിധ ബോധവൽക്കരണ ക്ലാസ്സുകളും, പരിപാടികളും നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികളുടെ കായികപരമായും കലാപരമായും ഉള്ള കഴിവുകളെ പരിപോഷിപ്പിക്കുന്നതിനായി "ഉണർവ്വ്" എന്ന പേരിൽ ഒരു പദ്ധതി തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയവുമായി, സ്കൂളുകളിൽ വിവിധ കായിക ഇനങ്ങളിൽ "ടീം വിമുക്തി" എന്ന പേരിൽ 1000 കായിക ടീമുകൾ രൂപീകരിച്ച് കായികാദ്ധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം നൽകി വരുന്നു.<br><br>ലഹരി ഉപയോഗം സംശയിക്കുന്ന കുട്ടികളുടെ വിവരം അധ്യാപകരുടെ സഹായത്തോടെ ആരംഭത്തിലേ കണ്ടെത്തി കൗൺസിലിംഗ് നൽകുന്നതിന് സ്കൂളുകളിൽ 'നേർവഴി' എന്ന പേരിൽ ഒരു പദ്ധതിയും, കുട്ടികൾക്ക് ചെറിയ പ്രായം മുതൽ നല്ല ശീലങ്ങളും ജീവിത നൈപുണ്യങ്ങളും വളർത്തിയെടുക്കുന്നതിന് 140 പ്രൈമറി സ്കൂളുകളിൽ "ബാല്യം അമൂല്യം" എന്ന ഒരു പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി "കവചം", "തെളിവാനം വരക്കുന്നവർ" എന്നീ പേരുകളിൽ കൈപുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുള്ളതാണ്. കോളേജ് ക്യാമ്പസ്സുകളിൽ "നേർക്കൂട്ടം", ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്നീ കമ്മിറ്റികൾ രൂപീകരിച്ച് നിയമാവബോധം നൽകി വരുന്നു. കുട്ടികളിലെ ലഹരി ഉപഭോഗം കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു "Standard Operating Procedure (SOP)" തയ്യാറാക്കി ആയത് പ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ